# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2810** 18.08.2017 ൽ മറുപടിയ്ക്ക്

## ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം

**ചോദ്യം** **മറുപടി**

**ശ്രീ.പി.കെ.ബഷീർ** **ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | പുതിയ എയർപോർട്ട് നിർമ്മിക്കുന്നതിന് കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന ചെറുവള്ളി എസ്റ്റേറ്റ് തിരഞ്ഞെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ)ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷന് ആകെ 2263.18 ഏക്കർ വിസ്തീർണ്ണമുള്ളതിനാലും മറ്റ് വികസനത്തിന് തടസ്സമില്ലാത്തതിനാലും ഭൂപ്രകൃതി അനുസരിച്ച് ഭൂരിഭാഗവും സമതല പ്രദേശവും ബാക്കി ചെറിയ കുന്നിൻ പ്രദേശവുമായതിനാലും കൂടാതെ അഞ്ച് പി.ഡബ്ല്യൂ.ഡി റോഡുകളുടെയും രണ്ട് ദേശീയപാതകളുടെയും സമീപത്തായതിനാലും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഉദ്യോഗസ്ഥ സംഘം ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തുകയും ടി എസ്റ്റേറ്റിനെ ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം നിർമ്മിക്കാനുദ്ദേശിക്കുന്ന ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയ്ക്കായി തെരഞ്ഞെടുത്തുകൊണ്ട് ഗതാഗത വകുപ്പിൽ നിന്നും 21/7/2017-ൽ G.O(MS)No. 60/2017/ഗതാഗതം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ഭൂമി 'ബിലീവേഴ്സ് ചർച്ച്'ഏറ്റെടുക്കുന്നതിന് മുമ്പ് ഉടമസ്ഥാവകാശം ആർക്കാണ് ഉണ്ടായിരുന്നത്; | (ബി)സ്വാതന്ത്ര്യത്തിന് മുമ്പ് പ്രസ്തുത തോട്ടം മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡിന്റെ കൈവശമായിരുന്നു. 2005 ൽ ടി ഭൂമി ബിലേവേഴ്സ് ചർച്ചിന് വിൽപ്പന നടത്തിയത് 1984 ൽ ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത ഹാരിസൺസ് മലയാളം ലിമിറ്റഡാണ്. |
| (സി) | ചെറുവള്ളി എസ്റ്റേറ്റ് മുമ്പ് സർക്കാർ പാട്ടത്തിനു നൽകിയ ഭൂമി ആയിരുന്നോ; എങ്കിൽ ആയതിന്റെ ഉടമസ്ഥാവകാശം ആർക്കാണ്; | (സി) അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥത രേഖപ്പെടുത്തിയിരിക്കുന്നത് "സർക്കാർ" പണ്ടാരകാര്യം ചെയ്-വാർകൾ എന്ന ഇനത്തിലാണ്. എന്നാൽ 1923 ലെ 1600-ാം നമ്പർ കരാർ ഉടമ്പടി പ്രകാരം വിദേശികളായ മലയാളം റബ്ബർ & പ്രൊഡ്യൂസ് കമ്പനി ടി ഭൂമി മറ്റൊരു വിദേശ കമ്പനിയായ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാകുന്നു. എന്നാൽ 2005 ലെ ആധാരത്തിൽ 1600/1923 ലെ ഭൂമിയാണ് |

| | | |
|---|---|---|
| | | വിലക്ക് വാങ്ങുന്നത് എന്ന് പരാമർശിച്ചെങ്കിലും, ടി മുന്നാധാരത്തിലെ സർവ്വെ നമ്പരുകൾ വിലയാധാരത്തിൽ ഉപയോഗിച്ചിട്ടില്ല. പ്രസ്തുത ഭൂമി സ്വാതന്ത്ര്യാനന്തരം ഭരണ ഘടനയുടെ 296-ാം വകുപ്പ് പ്രകാരവും, ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 72(1) പ്രകാരവും (01.01.1970) സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയാണെന്ന് കണക്കാവുന്ന ഭൂമിയാണ്. ടി ഭൂമിയാണ്. 1984 ൽ നിലവിൽ വന്ന ഹാരിസൺസ് മലയാളം ലിമിറ്റഡ് 2005 ൽ ബിലീവേഴ്സ് ചർച്ചിന് വിൽപ്പന നടത്തിയിട്ടുള്ളത്. സ്വാതന്ത്ര്യാനന്തരം നിലവിൽ വന്ന സർക്കാർ, ചെറുവള്ളി എസ്റ്റേറ്റ് ആർക്കും പാട്ടത്തിന് നൽകിയിട്ടില്ല. |
| (ഡി) | സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി മറിച്ച് വിൽക്കുന്നതിന് കഴിയുമോ; എങ്കിൽ ആയതിന്റെ നിയമസാധുത എന്താണ്; വ്യക്തമാക്കുമോ? | (ഡി) സർക്കാർ പാട്ടത്തിന് നൽകുന്ന ഭൂമി പാട്ട വ്യവസ്ഥകൾ പ്രകാരം മാത്രമേ കൈവശം വയ്ക്കുന്നതിനും, കൈമാറ്റം ചെയ്യുന്നതിനും കഴിയുകയുള്ളൂ. മറിച്ച് വിൽക്കുന്നതിനു കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ